പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 183

# 2019-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 05-02-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 183

# 2019-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

220/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 183

# 2019-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

## 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 12-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27), 12-ാം വകുപ്പ്, 4-ാം ഉപവകുപ്പിൽ "സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കമ്മിറ്റി നിയമിച്ച ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെകൊണ്ട്" എന്നീ വാക്കുകൾക്കു പകരം "കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെക്കൊണ്ട്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) 12-ാം വകുപ്പ്, (4)-ാം ഉപവകുപ്പ് ക്ഷേമനിധി കമ്മിറ്റിയുടെ കണക്കുകൾ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആഡിറ്റ് ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 26-3-2018-ാം തീയതിയിലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയുടെ യോഗതീരുമാനപ്രകാരം കമ്മിറ്റിയുടെ 2017-2018 മുതലുള്ള കണക്കുകൾ കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കുന്നതിനായി 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 12-ാം വകുപ്പ് (4)-ാം ഉപവകുപ്പ് ഭേദഗതി വരുത്തുന്നതിന് സെക്രട്ടറി അപേക്ഷിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുകയും 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എ. കെ. ബാലൻ.

## 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽ (2003-ലെ 27-ാം ആക്റ്റ്) നിന്നുള്ള പ്രസക്തഭാഗങ്ങൾ

*    *    *    *

12. ഫണ്ടുകൾ കടം വാങ്ങലും നിക്ഷേപിക്കലും.—(1) കമ്മിറ്റിക്ക് ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഏത് സംഖ്യയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതാത് സമയങ്ങളിൽ കടം വാങ്ങാവുന്നതാണ്.

*    *    *    *

(4) കമ്മിറ്റിയുടെ കണക്കുകൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കമ്മിറ്റി നിയമിച്ച ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് വർഷംതോറും ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

---